തടവുകാരുടെ സമരം

*൨൫൪. (൨൫൫) ശ്രീ. കുഞ്ഞനയ്യപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി പറയുമോ—

(എ) പുത്തൻചന്ത ലാക്കപ്പിലെ രാഷ്ട്രീയ തടവുകാരുടെ സമരം എന്ന അഭിധാനത്തിൽ പന്തളം പി. ആർ. മാധവൻപിള്ള ബി. എ., ബി. എൽ. സെപ്തമ്പർ ൨൫-ാം തീയതിയിലെ മലയാളരാജ്യം പത്രത്തിൽ എഴുതിയിരുന്ന ലേഖനം ഗവൺമെണ്ട് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) മ. ആ ലേഖനത്തിൽ പറയുന്നതുപോലെ രാഷ്ട്രീയ കേസുകളിൽ പ്രതികളായുള്ള വല്ല തടവുകാരേയും ആസ്സോറേഷൻ ലാക്കപ്പിൽ ഇട്ടിട്ടുണ്ടോ;

൨. ഉണ്ടെങ്കിൽ ഏതെല്ലാം കേസുകളിൽപ്പെട്ട എത്രപേരെ;

൩. ഇവരിൽ സെൻട്രൽ ജയിൽ ലഹളകേസിൽപെട്ട പ്രതികൾ ഉണ്ടോ;

൪. ഉണ്ടെങ്കിൽ എത്രപേർ;

(സി) മ. ഇവരുടെ കേസ് വിചാരണ ചെയ്യുന്നതിന് ഒരു സ്പെഷ്യൽ കോടതി നിയമനം ഉണ്ടായിട്ടുണ്ടോ;

൨. ഉണ്ടെങ്കിൽ എന്നു;

൩. കേസു വിചാരണയ്ക്കു വല്ല പുരോഗതിയും വന്നിട്ടുണ്ടോ;

൪. എത്ര സാക്ഷികളെ വിസ്തരിച്ചു;

൫. വിചാരണ നടത്തി കേസു തീരുമാനിക്കുന്നതിന് പ്രതികൾ വല്ല അഭ്യർത്ഥനയും അധികൃതസ്ഥാനങ്ങളിൽ അയച്ചിട്ടുണ്ടോ;

(ഡി) മ. ടി തടവുകാരെ സെൻട്രൽ ജയിലിലേക്ക് മാറ്റുന്നതിനു ഡിസ്ട്രിക്ട് മജിസ്ട്രേട്ടിന്റെ (ഇപ്പോൾ കലക്ടർ) വല്ല ഉത്തരവും ഉണ്ടായിട്ടുണ്ടോ;

൨. ഉണ്ടായിട്ടുണ്ടെങ്കിൽ അതിനുണ്ടായ കാരണവും ആവശ്യവും എന്താണ്;

(ഇ) ടി തടവുകാരിൽ ആർക്കെങ്കിലും മസൂരിരോഗം ബാധിച്ചിരുന്നോ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. ൈ. നാരായണപിള്ള): (എ) ഉവ്വ്. ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയെ ൧൯൫൦-ൽ പബ്ലിക്ക് റിലേഷൻസ് ഡയറക്ടർ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള പ്രസ്താവനയിലേക്ക് ക്ഷണിച്ചുകൊള്ളുന്നു.

(ബി) (മ) ഇല്ല.

(൨) ഉദിക്കുന്നില്ല.

(൩) ഉവ്വ്.

(൪) ൩൩.

(സി) (മ) ഉവ്വ്.

(൨) മ൭-൪-മ൯ ൫൦.

(൩) ഉവ്വ്.

(൪) ൨൩.

(൫) ഇല്ല.

(ഡി) (മ) ഉവ്വ്.

(൨) ഐരാണിമുട്ടം ആശുപത്രിയിലെ സ്ഥലക്കുറവുമൂലവും "പൊക്കൽ" എന്ന പകർച്ചവ്യാധിയുടെ ആവിർഭാവംകൊണ്ടും.

(ഇ) (മ) ഇല്ല. എന്നാൽ ചിലർക്ക് പൊക്കൽ പിടിപെട്ടു.

LIBRARY ARCHIVES Kerala Legislative Assembly